(13) മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി പഞ്ചായത്തുകളിലെ വോൾട്ടേജ് കുറവ്

ശ്രീ. സി. വാസുദേവമേനോൻ: സർ, ചിറ്റൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി പഞ്ചായത്തുകളിൽ ഇരുന്നൂറോളം മോട്ടോറുകൾ കാർഷിക ആവശ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്. അവിടെ വോൾട്ടേജ് കുറവായതു കൊണ്ട് വിദ്യാർത്ഥികൾക്ക് പഠിക്കാൻ നിവൃത്തിയില്ല. വ്യാപാരികൾക്ക് കച്ചവടം ചെയ്യാൻ നിവൃത്തിയില്ല. മോട്ടോറുകളും പ്രവർത്തിക്കുന്നില്ല. മിൻകരയ്ക്കടുത്ത് കുന്നത്തൂർ പേപ്പർമിൽ എന്നൊരു സ്ഥാപനമുണ്ട്. വ്യവസായാവശ്യത്തിന് വൈദ്യുതി കൊടുക്കരുത് എന്നല്ല ഞാൻ പറയുന്നത്. എൻജിനീയർമാർ എഴുതിയിട്ടും ആ സ്ഥാപനത്തിന് കണക്ഷൻ കൊടുത്തതിന്റെ ഫലമായി മോട്ടോറുകൾ ഒന്നും പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. എന്നുമാത്രമല്ല പാലക്കാട് ജില്ലക്കാകെ കറന്റ് സപ്ലൈ കുറച്ചിരിക്കുകയാണ്. ഒന്നുകിൽ ആവശ്യത്തിന് ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യണം. അല്ലെങ്കിൽ ഇത് നിർത്തിവയ്ക്കണം. ജനങ്ങൾ മണ്ണെണ്ണ ഉപയോഗിച്ചുകൊള്ളും. കപ്പാസിറ്റി ആവശ്യത്തിനുള്ളതായ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള കോഴിക്കോട് സൂപ്രണ്ടിംഗ് എൻജിനീയറുടെ പ്രൊപ്പോസൽ അനന്തമായി നീട്ടിക്കൊണ്ടുപോയി ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, വോൾട്ടേജിന്റെ കുറവ് പരിഹരിക്കപ്പെടുന്നത് വേണ്ടത്ര പുതിയ ലൈനുകൾ വലിക്കണം. സബ്സ്റ്റേഷനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുകളാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. ഈ പറഞ്ഞ സ്ഥലങ്ങളിൽ നെൻമാറ, കൊല്ലങ്കോട്, എലവഞ്ചേരി ഫീഡറിൽനിന്നാണ് കറന്റ് ഫീഡ് ചെയ്യുന്നത്. അതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ചെമ്മാണിയോഗത്തേക്ക് കൊഴിഞ്ഞാമ്പാറ സബ്സ്റ്റേഷനിൽനിന്ന് 7 കിലോമീറ്റർ 11 കെ. വി. ലൈൻ വലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നെൻമാറ, കൊല്ലങ്കോട് ഫീഡറുകളിൽ നെൻമാറ ലൈനിന്റെ ലോഡ് കുറയ്ക്കുന്നതിനുവേണ്ടി നെൻമാറയിൽനിന്ന് വിത്തിനിശ്ശേരി വരെ ഒരു പ്രത്യേക 11 കെ. വി. ഫീഡറിന്റെ പണി പൂർത്തിയായി വരുന്നു. അതിനാവശ്യമായ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(14) ദേവികുളം നിയോജകമണ്ഡലത്തിലെ ജലക്ഷാമം

ശ്രീ. ജി. വരദൻ: சார், என்னுடைய தொகுதியில் குடிப்பதற்கு தண்ணீர் கிடையாது. வட்டவடை, காந்தலூர், மறையூர் என்ற மூன்று பஞ்சாயத்துகளில் ஏகதேசம் 50,000 விவசாயிகள் வாழ்கிறார்கள். விவசாயம் செய்வதற்கு தண்ணீர் கிடையாது. அங்கு தண்ணீர் தாராளமாக ஓடுகிறது. ஒரு அணை கட்டி, சின்னசின்ன தட்டுதட்டாகப்பிரித்து விட்டு விவசாயத்திற்கு தண்ணீர் கொடுக்கக்கூடிய காரியத்தில் நம்து

LIBRARY ARCHIVES Kerala Legislative Assembly